**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1030** **24-02-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ അണക്കെട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആവശ്യമായ മുന്നറിയിപ്പുകൾ നൽകിയതിന് ശേഷമാണ് മുല്ലപ്പെരിയാർ അണക്കെട്ടിലെ ഷട്ടറുകൾ തുറന്നുവിട്ടത് എന്ന് തമിഴ്നാട് സുപ്രീം കോടതിയെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ കോടതിയിൽ വസ്തുതകൾ ബോധ്യപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. 30/11/2021 മുതൽ 06/12/2021 വരെയുള്ള കാലയളവിൽ ക്രമാനുഗതമല്ലാതെയും മറ്റും തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വ്യക്തമാക്കിക്കൊണ്ട്, ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള റിട്ട്ഹർജ്ജിയുടെ ഭാഗമായി 08/12/2021 തീയതിയിലെ IA 161599/2021 നമ്പർ സത്യവാങ്മൂലം കേരളം സമർപ്പിച്ചിട്ടുണ്ട്. ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റുന്നതുൾപ്പെടെ ആവശ്യമായ സമയം അനുവദിക്കാതെയും, ശരിയായ രീതിയിൽ മുന്നറിയിപ്പുകൾ ജില്ലാ ഭരണകൂടത്തിനു ലഭ്യമാക്കാതെയും, പുലർച്ചെയും, അസമയങ്ങളിലുമായി തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് വലിയ തോതിൽ ജലം പുറത്തേക്കൊഴുക്കി, അണക്കെട്ടിനു താഴെയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകളും, അവരുടെ സ്വത്തിനുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ രേഖാമൂലം ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. മേൽപറഞ്ഞ സത്യവാങ്മൂലത്തിൽ, വേണ്ടത്ര മുന്നറിയിപ്പ് നേരത്തെ നൽകാതെ അസമയങ്ങളിൽ ജലം ഒഴുക്കി വിടുന്നത് ഒഴിവാക്കുന്നതിനും, കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്ത് പകൽ സമയം ക്രമേണ അധിക ജലം ഒഴുക്കി ആവശ്യമായ Flood Cushion ജലസംഭരണിയിൽ നിലനിർത്തുന്നതിനുമുള്ള നിർദ്ദേശം തമിഴ്നാടിനു നൽകണമെന്നും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ സമയം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനായി കഴിയുന്നതും സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുൻപെങ്കിലും ജില്ലാ ഭരണകൂടത്തെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും, ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ ചുമതലപ്പെടുത്തണമെന്നും കേരളം ആവശ്യപ്പെട്ടു. കേരളത്തിന്റെ ടി സത്യവാങ്മൂലത്തിനെതിരായി 14/12/2021ൽ തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുകയും ടി വിഷയം 15/12/2021ൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിൽ വരികയും, ആയത് സംബന്ധിച്ച് വിശദമായ വാദം കേൾക്കുന്നതിനു പകരം ഈ വിഷയത്തിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ മേൽനോട്ട സമിതിയോട് ബഹു. കോടതി നിർദ്ദേശിച്ചു. |
| (സി) | സംയുക്ത സാങ്കേതിക ഓൺസൈറ്റ് സമിതി രൂപവത്കരിക്കണമെന്ന ആവശ്യം സാധൂകരിക്കുന്നതിനായി കേരളം മുന്നോട്ടുവച്ച വാദഗതികളും വസ്തുതകളും എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ അനുകൂല തീരുമാനം നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; അറിയിക്കാമോ? | (സി) | നിലവിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നത് തമിഴ്നാട് അധികൃതരാണ്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതമായ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ബഹു. സുപ്രീം കോടതിയുടെ അസ്സൽ അന്യായം 03/2006-ലെ 07/05/2014 ലെ വിധി പ്രകാരം മേൽനോട്ട സമിതിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വർഷകാലത്തുണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിന് മേൽനോട്ട സമിതിയുടെ അംഗങ്ങൾക്ക് ഡാം സൈറ്റിൽ തൽസമയം എത്തുവാനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് കൊണ്ട്, ഇരുസംസ്ഥാനങ്ങളിലെയും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരടങ്ങുന്ന ഒരു ഓൺസൈറ്റ് സമിതിയെ ചുമതലപ്പെടുത്തണമെന്ന് കേരളം ബഹു. സുപ്രീം കോടതിയോട് ആവശ്യപ്പെടുകയും ആയത് നിലവിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ